ചെയ്തതിലൂടെ 1.63 കോടി രൂപയുടെ വിദേശനാണ്യം നേടാനായി. കാപ്പെക്സ് 2009-10-ൽ 35 മെട്രിക് ടൺ കശുവണ്ടി കയറ്റുമതി ചെയ്തു. ഇതിലൂടെ 89 ലക്ഷം രൂപയുടെ വിദേശനാണ്യം നേടുകയുണ്ടായി.

കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കു പ്രകാരം 2009-10-ൽ കേരളത്തിൽനിന്നും 61698 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു. ഇതിലൂടെ 1635.79 കോടി രൂപയുടെ വിദേശനാണ്യം നേടാനായി.

(ഇ) കശുവണ്ടി കയറ്റുമതിയിൽ കുറവ് വരാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു :

(1) സാമ്പത്തിക മാന്ദ്യവും ആഭ്യന്തര മാർക്കറ്റിൽ കശുവണ്ടിപ്പരിപ്പിന് നല്ല വില ലഭിക്കുന്നതുമൂലം

(2) വിദേശ ഇറക്കുമതിക്കാരുടെ ബാങ്കുകൾ വായ്പാ പരിധി വർദ്ധിപ്പിച്ചു നൽകാത്തതിനാലും, തക്കസമയത്ത് ബാങ്ക് സഹായം നൽകാത്തതിനാലും ഇവരുടെ ഇറക്കുമതിയുടെ ക്രമം തന്നെ മാറി.

(3) ആഗോള സാമ്പത്തിക മാന്ദ്യമാണ് മറ്റൊരു കാരണം.

(4) രൂപയുടെ മൂല്യം കൂടിയതും കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചു.

(എഫ്) കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും പ്രധാനമായും കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നത് യു.എസ്.എ., യൂറോപ്പ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങളും കാപ്പെക്സിൽനിന്നും കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നത് പ്രധാനമായും യു.എസ്.എ, നെതർലന്റ് എന്നീ രാജ്യങ്ങളുമാണ്.

(ജി) കശുവണ്ടി വികസന കോർപ്പറേഷൻ റഷ്യ, ചൈന എന്നീ രാജ്യങ്ങളിൽക്കൂടി കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ രാജ്യങ്ങളിൽ വിപണി കണ്ടെത്തി കയറ്റുമതി വർദ്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കാപ്പെക്സ്-സിങ്കപ്പൂർ, മലേഷ്യ, ആസ്ട്രേലിയ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ

99 (4155) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൂടുതൽ മദ്യവിൽപ്പനക്കും അതിലൂടെ ലാഭം നേടാനും വകുപ്പ് മിട്ടുകൊണ്ടുള്ള പ്രവർത്തനം നടത്തുന്ന എക്സൈസ് വകുപ്പ് തന്നെ മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിലെ അനൗചിത്യം കണക്കിലെടുത്ത് മദ്യത്തിന്റെ ദുരുപയോഗത്തിനെതിരെയുള്ള പ്രചരണ പരിപാടികൾ സാമൂഹ്യക്ഷേമ വകുപ്പിനേയോ ആരോഗ്യകുടുംബക്ഷേമ വകുപ്പിനേയോ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) മദ്യാസക്തിമൂലം വീടും ബന്ധുക്കളും നഷ്ടപ്പെട്ടവരെ പാർപ്പിക്കുന്നതിന് കേരള ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ അഗതി മന്ദിരങ്ങൾ തുടങ്ങാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മദ്യവിൽപ്പനയിലൂടെ ലാഭം നേടുക എന്നുള്ളതല്ല എക്സൈസ് വകുപ്പിന്റെ ലക്ഷ്യം. വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും തടയുക, മദ്യത്തിന്റെ വിൽപ്പന അത്യാവശ്യ സാഹചര്യങ്ങളിൽ കർശന വ്യവസ്ഥകളിലൂടെ ലൈസൻസ് നൽകി ക്രമീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് എക്സൈസ് വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സാമൂഹ്യക്ഷേമ-ആരോഗ്യ വകുപ്പുകളുടെ സഹകരണവും തേടാവുന്നതാണ്.

(ബി) എക്സൈസ് വകുപ്പിന്റെ അധീനതയിൽ ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മദ്യകോള

100 (4156) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീര്യം കുറഞ്ഞ മദ്യം 'മദ്യകോള' എന്ന പേരിൽ വിപണന നടത്തുന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും സർക്കാരിലേക്ക് എന്തെങ്കിലും പ്രൊപ്പോസലുകൾ നൽകിയിരുന്നുവോ ;

(ബി) എങ്കിൽ ആ പ്രൊപ്പോസലുകളിന്മേൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചെന്ന വിവരം വിശദമാക്കുമോ ; ഇവരുടെ പ്രൊപ്പോസലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുവാൻ കഴിഞ്ഞ 4 വർഷക്കാലയളവിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly